compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2022 ഫെബ്രുവരി 22
**Tuesday, 22nd February 2022**

1197 കുംഭം 10
**10th Kumbham 1197**

1943 ഫാൽഗുനം 3
**3rd Phalguna 1943**

വാല്യം 11
**Vol. XI**

നമ്പർ / **No.** **8**

## Part III

# Dairy Development Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

REGISTRATION CERTIFICATE

No. A5-1632/2020. *13th January 2022.*

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following Society, the particulars which is furnished in the Categorical Statement is registered by me today as a Co-operative Society under the said Act, on the basis of limited liability and that the bye laws of undermentioned society is also hereby registered under the said section.

തരംതിരിച്ചുള്ള പട്ടിക

സംഘത്തിന്റെ പേര്—ആര്യങ്കാവ് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ-366 (ഡി) ആപ്കോസ്.

രജിസ്റ്റർ ചെയ്ത തീയതി—20-2-2021.

മേൽവിലാസം—ആര്യങ്കാവ് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ-366 (ഡി) ആപ്കോസ്, ആര്യങ്കാവ് പി. ഒ.

പോസ്റ്റാഫീസ്—ആര്യങ്കാവ്.

താലൂക്ക്—പുനലൂർ.

ജില്ല—കൊല്ലം.

ബ്ലോക്ക്—അഞ്ചൽ.

പ്രവർത്തന പരിധി—ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ ആര്യങ്കാവ്, പാലരുവി വാർഡുകൾ പൂർണ്ണമായും വരുന്ന പ്രദേശങ്ങൾ.

അതിർത്തികൾ:

കിഴക്ക്—കേരള, തമിഴ്നാട് അതിർത്തി.

പടിഞ്ഞാറ്—നാഷണൽ ഹൈവേ.

വടക്ക്—റിസർവ് വനം.

തെക്ക്—തേക്ക് പ്ലാന്റേഷൻ വരെയുള്ള അതിർത്തിക്കുള്ളിൽ വരുന്ന പ്രദേശങ്ങൾ.

ഓഹരി മൂലധനം—₹ 2,00,000 (രണ്ട് ലക്ഷം രൂപ മാത്രം).

ആസ്ഥാനം—ആര്യങ്കാവ്.

ബാദ്ധ്യത—ക്ലിപ്ത ബാദ്ധ്യത.

പ്രധാന ഉദ്ദേശ്യങ്ങൾ—പാൽ സംഭരണവും വിതരണവും.

സംഘത്തിന് ആകെ വാങ്ങാവുന്ന കടം—വായ്പകളുടെയും നിക്ഷേപങ്ങളുടെയും ആകെ തുക, ഓഹരി മൂലധനം, നിശ്ചിതമായ കരുതൽ ധനം, കെട്ടിടനിധി എന്നിവയുടെ തുകയിൽ നിന്നും നിശ്ചിതമായ നഷ്ടങ്ങൾ കുറച്ചാലുള്ള തുകയുടെ പത്തിരട്ടി കവിയാൻ പാടുള്ളതല്ല.

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
കൊല്ലം. ഡെപ്യൂട്ടി ഡയറക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : ശ്രീമതി ബീന, പി. എ., ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ)

(1)

നമ്പർ സി-10085/2021. 2021 ഡിസംബർ 24.

വിഷയം:—ക്ഷീരവികസന വകുപ്പ്—തൃശ്ശൂർ ജില്ല—ചാവക്കാട് ബ്ലോക്കിലെ പുന്നയൂർ ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 248 (ഡി) ആപ്കോസ് സമാപ്തീകരണം—1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) ഈ ഓഫീസിലെ 7-1-2007-ലെ സി/5782/2006 നമ്പർ ഉത്തരവ്.

(2) ചാവക്കാട് ക്ഷീരവികസന ഓഫീസറുടെ 20-11-2021, 1-12-2021 തീയതികളിലെ 117/2021 നമ്പർ കത്തുകൾ.

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് ബ്ലോക്കിലെ പുന്നയൂർ ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 248 (ഡി) ആപ്കോസ് സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം ചാവക്കാട് ക്ഷീരവികസന ഓഫീസറെ സമാപ്തീകരണ ഉദ്യോഗസ്ഥനായി നിയമിച്ചിരുന്നു. പരാമർശം (2) പ്രകാരം ചാവക്കാട് ക്ഷീരവികസന ഓഫീസർ ടി സംഘത്തിന്റെ യാതൊരു വിധത്തിലുള്ള രേഖകളും സമാപ്തീകരണ ഉദ്യോഗസ്ഥന് അന്വേഷണത്തിൽ ലഭ്യമായിട്ടില്ലായെന്നും, ടി സംഘത്തിൽ ഉപകരണങ്ങളോ ആസ്തികളോ മറ്റു വസ്തുക്കളോ ഇല്ലാത്ത സാഹചര്യത്തിൽ ടി സംഘം സമാപ്തീകരിച്ച് രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് ശുപാർശ ചെയ്തിരിക്കുന്നു.

**ഉത്തരവ്**

മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശത്തിന് വിധേയമായി ചാവക്കാട് ബ്ലോക്കിലെ പുന്നയൂർ ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 248 (ഡി) ആപ്കോസ് പ്രവർത്തനം നിലച്ചതിനാലും സംഘത്തിന്റെ രജിസ്ട്രേഷൻ രേഖകളും മറ്റ് അനുബന്ധ രേഖകളും ലഭ്യമല്ലാത്തതിനാലും രജിസ്ട്രാർ എന്ന നിലയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ച് 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ എഴുപത്തിനാലാം വകുപ്പ് പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്തും ടി സംഘത്തിന്റെ പേര്, ക്ഷീരസംഘങ്ങളുടെ പട്ടികയിൽ നിന്ന് നീക്കം ചെയ്തും ഉത്തരവാകുന്നു.

(2)

നമ്പർ സി-10086/2021. 2021 ഡിസംബർ 24.

വിഷയം:—ക്ഷീരവികസന വകുപ്പ്—തൃശ്ശൂർ ജില്ല—ചാവക്കാട് ബ്ലോക്കിലെ കല്ലൂർ ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 249 (ഡി) ആപ്കോസ് സമാപ്തീകരണം—1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) ഈ ഓഫീസിലെ 25-5-2009-ലെ സി-2522/2008 നമ്പർ ഉത്തരവ്.

(2) ചാവക്കാട് ക്ഷീരവികസന ഓഫീസറുടെ 1-12-2021-ലെ 116/2021 നമ്പർ കത്ത്.

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് ബ്ലോക്കിലെ കല്ലൂർ ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 249 (ഡി) ആപ്കോസ് സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം ചാവക്കാട് ക്ഷീരവികസന ഓഫീസറെ സമാപ്തീകരണ ഉദ്യോഗസ്ഥനായി നിയമിച്ചിരുന്നു. പരാമർശം (2) പ്രകാരം ചാവക്കാട് ക്ഷീരവികസന ഓഫീസർ ടി സംഘത്തിന്റെ യാതൊരുവിധ രേഖകളും സമാപ്തീകരണ ഉദ്യോഗസ്ഥന് അന്വേഷണത്തിൽ ലഭ്യമായിട്ടില്ലായെന്നും, ടി സംഘത്തിൽ ഉപകരണങ്ങളോ ആസ്തികളോ മറ്റു വസ്തുക്കളോ ഇല്ലാത്ത സാഹചര്യത്തിൽ ടി സംഘം സമാപ്തീകരിച്ച് രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് ശുപാർശ ചെയ്തിരിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ഉത്തരവ്**

മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശങ്ങൾക്ക് വിധേയമായി ചാവക്കാട് ബ്ലോക്കിലെ കല്ലൂർ ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 249 (ഡി) ആപ്കോസ് പ്രവർത്തനം നിലച്ചതിനാലും സംഘത്തിന്റെ രജിസ്ട്രേഷൻ രേഖകളും മറ്റ് അനുബന്ധ രേഖകളും ലഭ്യമല്ലാത്തതിനാലും രജിസ്ട്രാർ എന്ന നിലയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ച് 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ എഴുപത്തിനാലാം വകുപ്പ് പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്തും ടി സംഘത്തിന്റെ പേര് ക്ഷീരസംഘങ്ങളുടെ പട്ടികയിൽ നിന്ന് നീക്കം ചെയ്തും ഉത്തരവാകുന്നു.

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
തൃശ്ശൂർ. ഡെപ്യൂട്ടി ഡയറക്ടർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2022.02.22 02:30:36 +05:30